ഗുരുമാർഗം



ബാഹ്യദൃശ്യ രൂപങ്ങളിൽ സ്ഥൂലമായും സങ്കല്പവാസനാ തലങ്ങളിൽ സൂക്ഷ്മമായും കാണപ്പെടുന്ന ഈ പ്രപഞ്ചം അഖണ്ഡ ബോധ വസ്തുവിൽ ആവിർഭവിച്ചതാണ്.

ഒരു ജാതി ഒരു മതം ഒരു ദൈവം

അശ്വതി 56-59
ഷഷ്ഠി 38 - 08
1939 ശ്രാവണം 22
1438 ദുൽ ക അദ് 19
1192 കർക്കടകം 28

യു.പി ആശുപത്രിയിലെ കൂട്ടക്കൊല

ഉത്തർപ്രദേശിലെ ഗോരഖ്പൂരിലെ സർക്കാർ മെഡിക്കൽ കോളേജിൽ പ്രാണവായു കിട്ടാതെ 63 ശിശുക്കൾ മരണമടഞ്ഞു എന്ന ഹൃദയഭേദകമായ വാർത്ത ആരെയും ഞെട്ടിക്കുന്നതാണ്. അബദ്ധത്തിലുണ്ടായ ദുർമ്മരണമൊന്നുമല്ല ഇതെന്നറിയുമ്പോഴാണ് രാജ്യത്തെ സർക്കാർ ആശുപത്രികളിൽ അരങ്ങേറുന്ന അനാസ്ഥയുടെയും ക്രൂരതയുടെയും ഒരു ഏകദേശ ചിത്രം ലഭിക്കുന്നത്. ആശുപത്രിക്ക് ഓക്സിജൻ നൽകിയവയിൽ 67 ലക്ഷം രൂപയുടെ കുടിശിക വന്നതോടെ സപ്ലൈയർ സിലിണ്ടറുകൾ നൽകുന്നത് പൊടുന്നനെ നിറുത്തിവച്ചതാണ് ഈ മഹാദുരന്തത്തിന് കാരണമായി പറഞ്ഞുകേൾക്കുന്നത്. കുടിശിക ഈടാക്കാൻ മനുഷ്യത്വത്തിനു നിരക്കാത്ത ഈ കിരാത നടപടിക്ക് മുതിർന്ന കമ്പനിക്കാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കാൻ ഒരു നിമിഷംപോലും വൈകരുത്. ഒരുതരത്തിലുള്ള ദയവും അർഹിക്കാത്ത ആ നരാധന്മാരെ മാതൃകാപരമായി ശിക്ഷിക്കുമ്പോൾ മാത്രമേ അകാലത്തിൽ ഭൂമിയോട് വിടപറയേണ്ടിവന്ന ആ കുഞ്ഞുങ്ങളുടെ ആത്മാവിന് ശാന്തിലഭിക്കുകയുള്ളൂ. ഓക്സിജൻ കമ്പനിക്കാർമാത്രമല്ല ആശുപത്രിയിൽ ഇതിന്റെയൊക്കെ, ചുമതല വഹിച്ചിരുന്ന ജീവനക്കാരും മേൽനോട്ടച്ചുമതലയുള്ള ഡോക്ടർമാരും ഒരേതരത്തിൽ ഈ ദുരന്തസംഭവത്തിന് ഉത്തരവാദികളാണ്. അവരും നിയമാനുസൃതമുള്ള ശിക്ഷ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരാണ്.

> **67 ലക്ഷം രൂപയുടെ കുടിശിക വന്നതോടെ സപ്ളൈയർ സിലിണ്ടറുകൾ നൽകുന്നത് പൊടുന്നനെ നിറുത്തി വച്ചതാണ് ഈ മഹാദുരന്തത്തിന് കാരണമായി പറഞ്ഞുകേൾക്കുന്നത്. കുടിശിക ഈടാക്കാൻ മനുഷ്യത്വത്തിനു നിരക്കാത്ത ഈ കിരാത നടപടിക്ക് മുതിർന്ന കമ്പനിക്കാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കാൻ ഒരു നിമിഷംപോലും വൈകരുത്**

അഴിമതിക്കാർക്കെതിരെ കുരിശുയുദ്ധം നടത്തുമെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ മണ്ഡലത്തിലുള്ള മെഡിക്കൽ കോളേജിലാണ് കൂട്ട ശിശുഹത്യ നടന്നിരിക്കുന്നത്. പ്രഖ്യാപനം പ്രവൃത്തിയിലും കൂടികാണേണ്ടിയിരിക്കുന്നു. പ്രാണവായു മുടങ്ങി ശിശുക്കൾ കൂട്ടത്തോടെ മരണമടഞ്ഞതിന് രണ്ടു ദിവസം മുൻപാണ് മുഖ്യമന്ത്രി അവിടം സന്ദർശിച്ച് കാര്യങ്ങൾ നേരിൽ പരിശോധിച്ച് തൃപ്തിയടഞ്ഞതത്രെ. ഇത് അങ്ങേയറ്റം ലജ്ജാകരമാണ്. മസ്തിഷ്കജ്വരം പിടിപെട്ട കുട്ടികളെ പ്രവേശിപ്പിച്ചിരുന്ന മൂന്ന് വാർഡുകളിലെ ഓക്സിജൻ വിതരണമാണ് മുടങ്ങിയത്. ഇതേ രോഗം ബാധിച്ച് അൻപതോളം കുട്ടികൾ നേരത്തെയും മരിച്ചിരുന്നു. എന്നാൽ ഓക്സിജൻ കിട്ടാത്തതുകൊണ്ടുമാത്രം ഒറ്റയടിക്ക് മുപ്പത് കുട്ടികൾ മരണത്തിനിരയാകുന്നത് ആദ്യമാണ്. ശിശുഹത്യ ദേശീയ തലത്തിൽ വലിയ വാർത്തയായതോടെ വിശദീകരണവും ന്യായീകരണവുമൊക്കെയായി ആശുപത്രി അധികൃതരും ജില്ലാഭരണാധികാരികളും രംഗത്തുവന്നിട്ടുണ്ട്. ഓക്സിജൻ കമ്പനിയുടെ കുടിശികയിൽ പകുതി നൽകിയിരുന്നുവെന്നും ഓക്സിജൻ ക്ഷാമമൊന്നും ഉണ്ടായിട്ടില്ലെന്നുമാണ് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ വാദം. എന്നാൽ ഇക്കാര്യം നിഷേധിക്കുന്നതാണ് ഓക്സിജൻ കമ്പനിയുടെ പ്രസ്താവന. കുട്ടികൾ കൂട്ടത്തോടെ മരിച്ചത് പ്രാണവായു ലഭിക്കാതിരുന്നതിനെത്തുടർന്നാണെന്ന യാഥാർത്ഥ്യം നിലനിൽക്കെ ഈ അവകാശ വാദങ്ങൾ അപ്രസക്തമാണെന്ന് കാണാം.

ഗോരഖ്പൂരിലായാലും രാജ്യത്ത് മറ്റെവിടെയായാലും സർക്കാർ ആശുപത്രികളിലെ പൊതുവായ സ്ഥിതി ഇതൊക്കെത്തന്നെയാണ്. ജനങ്ങളുടെ ജീവൻവച്ചുള്ള കളിയും വിലപേശലുമൊക്കെയാണ് അവിടെ നടക്കുന്നത്. പഞ്ചനക്ഷത്ര സൗകര്യത്തോടെ സമാന്തരമായി സ്വകാര്യ ആശുപത്രികളുള്ളതിനാൽ പണമുള്ളവർ സർക്കാർ ആശുപത്രികളെ ആശ്രയിക്കാൻ മടിക്കും. സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങളും സാധാരണക്കാരും ഇടത്തരക്കാരുമാണ് ഇവിടങ്ങളിൽ കൂടുതലായി എത്തുന്നത്. ചികിത്സയും പരിചരണവുമൊക്കെ ഔദാര്യമെന്ന മട്ടിലാകാൻ പ്രധാനകാരണവും ഇതാണ്. വി.വി.ഐ.പികൾ നിസാര രോഗം പിടിപെട്ടാൽ പോലും രാജ്യത്തുതന്നെയുള്ള ഏറ്റവും മുന്തിയ സ്വകാര്യ ആശുപത്രിയിലോ അതല്ലെങ്കിൽ വിദേശത്തോ ആണ് പോകാറുള്ളത്. സാധാരണക്കാരുടെ ആശ്രയമായ സർക്കാർ ആശുപത്രികളിലെ യഥാർത്ഥ അവസ്ഥ നേരിൽ അറിയാവുന്ന എത്ര ഭരണാധികാരികൾ കാണും ഇവിടെ? ഇത്തരക്കാരുടെ ചികിത്സയും നിർബന്ധമായി സർക്കാർ ആശുപത്രികളിൽത്തന്നെ വേണമെന്ന വ്യവസ്ഥ ഉണ്ടായാലേ കാര്യങ്ങൾ കുറച്ചെങ്കിലും നേരെയാവൂ.

വെന്റിലേറ്ററിന്റെ പേരിൽ ഇവിടെ ഈ അടുത്തദിവസം മുരുകൻ എന്ന ഒരു യുവാവ് ചികിത്സ ലഭിക്കാതെ ആംബുലൻസിൽ കിടന്നുതന്നെ അന്ത്യശ്വാസം വലിക്കേണ്ടിയുംവന്നു. ഡോക്ടർമാരുടെ അനാസ്ഥമൂലം എത്രയോ കുടുംബങ്ങൾ ഉറ്റവരെ നഷ്ടപ്പെട്ട ദുഃഖത്തിൽ കഴിയേണ്ടിവരുന്നു. പരിശോധനാ സൗകര്യങ്ങളുടെ കുറവുകാരണം ഗതിയില്ലാത്തവരും സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. പതിറ്റാണ്ടുകളുടെ പഴക്കമുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ പോലും അത്യാധുനിക ഉപകരണങ്ങളിൽ പലതും ഇല്ലാതെ പ്രവർത്തിക്കേണ്ടിവരുന്നു. സമൂഹത്തെ ഞെട്ടിക്കുന്ന തരത്തിൽ സംഭവങ്ങൾ നടക്കുമ്പോൾ മാത്രമാണ് ഇതൊക്കെ പുറത്തുവരാറുള്ളത്.

ഗോരഖ്പൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശിശുക്കളുടെ കൂട്ടമരണം രാജ്യത്തെ പൊതുജനാരോഗ്യ മേഖല മൊത്തത്തിൽ നേരിടുന്ന ആഴമേറിയ പ്രതിസന്ധിയുടെ ചെറിയൊരുവശം മാത്രമാണ് പുറത്തുകൊണ്ടുവരുന്നത്.

നന്നായാൽ ഒന്നാവും

മാനവദർശനം

മുനി നാരായണ പ്രസാദ്

ഒരു സന്ദർശകൻ. നാരായണ ഗുരുവിൽ വളരെ താത്പര്യമുള്ള ആളാണ്. അദ്ദേഹം പറയുന്നു.

"സ്വാമി നാരായണഗുരുവിന്റെ പേരിൽ രാഷ്ട്രീയ പാർട്ടികളെല്ലാം ഇപ്പോൾ അവകാശവാദമുന്നയിക്കുകയാണല്ലോ. ഹിന്ദുത്വ പാർട്ടി പറയുന്നു. ഗുരു ഹിന്ദുവാണെന്ന്. കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നു. ഗുരുവായിരുന്നു കേരളത്തിലെ ആദ്യത്തെ തൊഴിലാളി നേതാവെന്ന്, യു.പി.യിലെ ബഹുജൻ സമാജ്‌വാദ് പാർട്ടിയും ഗുരുവിനെ അവരുടെ കൂട്ടത്തിൽ കൂട്ടുന്നുണ്ട്. ഗുരു ഇപ്പോൾ എവിടെയാണെന്നാണ് ജനങ്ങൾക്ക് സംശയം'!

"ഈ പാർട്ടികൾക്കെല്ലാമുണ്ട് അവരവരുടേതായ മതം. ഗുരുവെന്തുപറഞ്ഞു? നാം ഒരു മതത്തിലും ജാതിയിലും പെടുന്നില്ല' എന്ന്. ഈ പാർട്ടിക്കാർക്ക് വേണ്ടത് സത്യം പുലരണമെന്നോ, ഗുരു വെളിപ്പെടുത്തിത്തന്ന അറിവ് നേടണമെന്നോ അല്ല. അവർക്ക് വേണ്ടത് വോട്ട് ബാങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുകയാണ്."

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നതായിരുന്നല്ലോ ഗുരു നൽകിയ ഒരു മഹാസന്ദേശം?"

"അതേ. ഗുരുവിന്റെ പേരിൽ അവകാശവാദമുന്നയിക്കുന്ന ഈ രാഷ്ട്രീയ മതക്കാരും ഒന്നു നന്നായാൽ മതിയായിരുന്നു."

"നന്നായാൽ അവർ ഗുരുവിനെ വെറുതേ വിടുമോ?"

"ഇല്ല. ശരിയായ അർത്ഥത്തിൽ മുറുകെ പിടിക്കും."

"എങ്ങനെ?"

"മനുഷ്യൻ നന്നായാൽ, മനുഷ്യവർഗം ഒന്നാണെന്ന ബോധം അവർക്കുണ്ടാകും. അവർക്ക് 'ഒരുമത'മാണെന്ന ബോധവും ഉണ്ടാവും. അതാണല്ലോ ഗുരുമതം."

"മനുഷ്യർക്ക് ഒരു മതമാണുള്ളത് എന്ന് എങ്ങനെ ബോദ്ധ്യമാവും?"

"ഗുരുവിനെ അറിയുമ്പോൾ, മനുഷ്യരുടെയെല്ലാം മൗലികമായ താത്പര്യം ഒന്നുതന്നെയാണെന്ന് തെളിഞ്ഞുകിട്ടും. ആത്മസുഖമാണ് എല്ലാവരും അന്വേഷിക്കുന്നത് എന്നതാണ് ആ ഏകമതം.'

"രാഷ്ട്രീയക്കാരെല്ലാം ഒരു 'മത'ക്കാരായാൽ രാഷ്ട്രീയമില്ലാതാവില്ലേ?

"രാഷ്ട്രീയം വേണമോ വേണ്ടയോ എന്നത് ഗുരുവിന് ഗൗരവമുള്ള പ്രശ്നമല്ല. മനുഷ്യൻ നന്നാവണം; മനുഷ്യൻ ഒന്നാവണം; മനുഷ്യൻ സത്യമറിയണം; മനുഷ്യൻ സ്വസ്ഥനായി ജീവിക്കണം. ഇതായിരുന്നു ഗുരുവിന് പരമപ്രധാനം."

നമ്മുടെ നാടും പുരോഗമിക്കുന്നുണ്ട്...

വാരവിശേഷം

ദ്രോണർ

'നമ്മുടെ നാടും പുരോഗമിക്കുന്നുണ്ട്'- പരസ്യത്തിലെ ചേട്ടൻ പറയുന്നത് അക്ഷരംപ്രതി ശരിതന്നെ. ജനാധിപത്യത്തിന്റെ ഗംഭീരവളർച്ച പടവലങ്ങ പോലെ കീഴ്പോട്ടോ എന്ന് കഥയിൽ ചോദ്യം പാടില്ല. അല്ലെങ്കിലും അമിത് ഷാജിയുടെ കാലം വന്നാൽ ഏത് നാടാണ് പുരോഗമിക്കാത്തത്? കുറ്റിപോയ തെങ്ങും ചിലപ്പോൾ, ഇട്ടാവട്ടത്തിൽ കിടക്കുന്ന കേരളവും അവിടെ കിടക്കുമായിരിക്കും.



രാജ്യസഭയുടെ കാര്യം തന്നെയെടുക്കുക. പണ്ടൊക്കെ രാജ്യസഭയിലേക്കൊരു എം.പിയെ തിരഞ്ഞെടുക്കുന്നത് ഇരുചെവി അറിഞ്ഞിട്ടാണോ. ഉത്സവമില്ല, പറയെടുപ്പില്ല, ഇരുട്ടും മുമ്പേ കോഴിക്കുഞ്ഞുങ്ങളെ കുറുക്കനെ പേടിച്ച് കൂട്ടിലടയ്ക്കും പോലുള്ള റിസോർട്ട് വാഴ്ചയില്ല... എം.പിയാകാൻ പറയുന്നത് തന്നെ കൊല്ലാൻ കൊണ്ടുപോകുന്നത് പോലെയെന്ന് ഭാവിച്ചാലും നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ എം.പിയാവാം എന്ന മട്ടിൽ നിൽക്കുന്ന എത്ര നിലത്തെഴുത്താശാൻമാരെ നമ്മൾ കണ്ടു! വരുമോരോ ദശ വന്ന പോലെ പോം എന്ന മട്ടിൽ ആ നല്ല കാലമെല്ലാമങ്ങ് മാഞ്ഞ് പോയി. ഇനിയിപ്പോൾ, ആരെന്ത് പറയാൻ?

ഇന്നിപ്പോൾ, ഒരു രാജ്യസഭാ എം.പിയാകണമെങ്കിൽ ചില്ലറ ചെലവല്ലെന്ന് പട്ടേൽജിയോട് ചോദിച്ചാൽ മതി. (അലുമിനിയം പട്ടേൽ എന്നെല്ലാം പണ്ട് നമ്മുടെ കെ. മുരളീധർജി സ്നേഹത്തോടെ വിളിച്ചിട്ടുണ്ടെങ്കിലും ആള് അലുമിനിയമല്ല, സ്റ്റീൽപാത്രം തന്നെയാണെന്ന് ഇപ്പോൾ ഗുജറാത്ത് ഷാജിമാർ പാടി നടക്കുന്നുണ്ട്. അത് പോട്ടെ.)

അഹമ്മദ് പട്ടേലാണ് ആ നഗ്നയാഥാർത്ഥ്യം ആദ്യമായി തിരിച്ചറിഞ്ഞത്. ഇന്നത്തെ കാലത്ത് ഒരു രാജ്യസഭാ എം.പിയാകാൻ ചില്ലറ പണിയൊന്നും പോരായെന്ന്. ആദ്യം എം.എൽ.എമാരെ കൂട്ടിലടയ്ക്കണമത്രെ. അല്ലെങ്കിൽ ചില ഷാജിമാർ വന്ന് തട്ടിക്കൊണ്ടുപോകും. എം.എൽ.എയെ അടയ്ക്കാൻ സാദാ കൂട് പോര. അതിന് പറ്റിയ ഡി.കെ.മാരെ കണ്ടുപിടിക്കണം. കർണാടകയിൽ ഇജ്ജാതി ഡി.കെ.മന്ത്രിമാരെ കിട്ടാനുണ്ടെന്ന് കവടി നിരത്തിയപ്പോൾ തെളിഞ്ഞതോടെയാണ് പട്ടേൽജി ആ നിലയ്ക്കുള്ള അന്വേഷണം മുന്നോട്ട് കൊണ്ടുപോയത്. പാവം കോടീശ്വരനാണ് ഡി.കെ മന്ത്രി. കോടീശ്വരന്റെ വേദന ആദായനികുതിക്കാർക്ക് മനസ്സിലാവില്ല. അത് നല്ലപോലെ അറിയാവുന്നയാളാണ് ഷാജി. അതുകൊണ്ട് കോടീശ്വരന് കർക്കടകത്തിൽതന്നെ ചികിത്സ വിധിക്കാൻ അമിത് ഷാജി രണ്ടാമതൊന്ന് ആലോചിച്ചില്ല. 450കോടിയൊന്നും അത്ര വലിയ കോടിയല്ലെന്ന് ഷാജി കരുതിയാലും ഇല്ലെങ്കിലും പട്ടേലിനെ സംബന്ധിച്ചിടത്തോളം അതൊരു വലിയ കോടിയാണ്.

സോവിയറ്റ് യൂണിയൻ വാർദ്ധക്യസഹജമായ ക്ഷീണത്താൽ മരിച്ചുപോയത് 75ാം വയസിലാണ്. ഇന്ത്യൻ ജനാധിപത്യത്തിന് അത്രയ്ക്കൊന്നുമായിട്ടില്ല. പക്ഷേ എഴുപത് കടന്നിട്ടുണ്ട്. എഴുപത്തിയഞ്ചൊന്നും ഇന്നത്തെ കാലത്ത് അത്ര വലിയ പ്രായമല്ലെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അങ്ങനെ കരുതാൻ വരട്ടെ. 70 ആയാൽ പ്രായമായെന്ന് ചിന്തിക്കുന്നവരുണ്ട് ഇന്നാട്ടിൽ. അമിത് ഷാജിയെ അക്കൂട്ടത്തിൽ പെടുത്തണമെന്ന് ദ്രോണരായിട്ട് പറയുന്നില്ല...

■

എഴുപത് വയസായ ആളുടെ പിതാവിന് കണക്ക് കൂട്ടി നോക്കിയാൽ 110-125 വയസ്സെങ്കിലും ഏറ്റവും കുറഞ്ഞത് ആയിട്ടുണ്ടാകണം. നൂറ് വരെ ജീവിച്ചിരിക്കുന്നത് തന്നെ പാടാണ്. എന്നിട്ട് വേണ്ടേ 125 വയസ് വരെ. ഇന്ത്യ സ്വതന്ത്രമായിട്ട് ഇപ്പോൾ എഴുപതാണ്ട് തികഞ്ഞ സ്ഥിതിക്ക്, സ്വാഭാവികമായും ഇന്ത്യയുടെ പിതാവ് ജീവിച്ചിരിക്കാൻ പാടുള്ളതല്ല, ഒരു പ്രതിമയായിട്ട് പോലും.

നമ്മുടെ രാഷ്ട്രസ്നേഹം പ്രകടിപ്പിക്കേണ്ടത് ഇത്തരം പ്രതിമകളെ ഇല്ലാതാക്കിക്കൊണ്ട് വേണമെന്ന് ആർക്കാണറിയാത്തത്. രാം കിങ്കർ ബേയ്ജ് എന്നൊരു ശില്പിയുണ്ടായിരുന്നു. ഒരു പിതാവ് തന്നെയാണ് ഇദ്ദേഹവും. ആധുനിക ശില്പകലയുടെ പിതാവെന്നാണ് പറയുന്നത്. ആധുനിക ശില്പകല ഉരുവം കൊണ്ടിട്ട് തന്നെ പത്ത്-നൂറ് കൊല്ലമായിട്ടുണ്ട്. പിതാവിന് അപ്പോൾ ചുരുങ്ങിയത് 150എങ്കിലുമാവണം. ഈ പിതാവ് 70 പിന്നിട്ട ഇന്ത്യയുടെ വയസ്സൻ പിതാവിന്റെ ശില്പം നിർമ്മിച്ചിട്ടുണ്ടെങ്കിൽ, രണ്ട് പിതാക്കന്മാരെയും തേടിപ്പിടിച്ച് ഉന്മൂലനം ചെയ്യുകതന്നെ വേണം. ആസ്സാമിലെ സർക്കാരെങ്കിലും അതിന് തുനിഞ്ഞത് നന്നായി!

സാൽവോദർ ദാലിയുടെ ഇന്ത്യൻ പതിപ്പാണ് ബേയ്ജെന്ന് പറയാറുണ്ട്. സർറിയലിസ്റ്റ് പ്രസ്ഥാനം കൊണ്ടുവന്ന ദാലിയെ പോലെ സ്വന്തം ചിത്രങ്ങൾ പോലും വികലമായി മാത്രം എടുത്തിട്ടുള്ള കലാകാരൻ. ബേയ്ജിന്റെ ടാഗോറും ഗാന്ധിയുമൊക്കെ അദ്ദേഹത്തിന്റെ മാത്രം സങ്കല്പത്തിലുള്ള ശില്പങ്ങളാണ്. ഇന്നത്തെ ചാക്കിട്ട്പിടുത്തയുഗത്തിലെ രാഷ്ട്രീയകലാകാരന്മാർക്ക്, ഏത് ബേയ്ജ്, എന്ത് ബേയ്ജ്! അല്ലെങ്കിലും ഗാന്ധിയില്ലാത്ത ഇന്ത്യ തന്നെയാണ് ഇന്നത്തെ കാലത്ത് ഏറ്റവും അഭികാമ്യം.

■

'തട്ടും കൊട്ടും ചെണ്ടയ്ക്കത്രെ, കിട്ടും പണമത് മാരാന്മാർക്കും'- എന്ന് പാടിയത് കുഞ്ചൻ നമ്പ്യാരാണ്. പാവം ചെണ്ടയുടെ അവസ്ഥയിൽ നമ്മുടെ ഭാ.ജ.പായുടെ വി.വി. രാജേഷ് എത്തിപ്പെട്ടുവെന്നതാണ് ഏറ്റവും പുതിയ വർത്തമാനം.

കോഴ വാങ്ങിയാലും അത് നാലാളറിയാതെ കാക്കണമെന്ന് രാജേഷ് അറിഞ്ഞാലും ഇല്ലെങ്കിലും കുമ്മനംജിക്ക് നല്ലപോലെ അറിയാം. എം.ടി. രമേശ്ജി പൊട്ടിക്കരഞ്ഞതോടെ സംഭവിച്ച വെള്ളപ്പൊക്കത്തിൽ കോഴയെല്ലാം ഒലിച്ചുപോയെന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയരുത്. കേരളത്തിൽ അല്ലെങ്കിലും ഏറ്റവും കൂടുതൽ മഴ പെയ്യുന്ന സ്ഥലം കോട്ടയത്തെ കോഴ തന്നെയാണെന്ന് കാലാവസ്ഥാനിരീക്ഷണകേന്ദ്രം പറയാറുണ്ട്.

'ബലികുടീരങ്ങളേ'യ്ക്ക് 60 വയസ്...

നിങ്ങൾ നിന്ന സമരാങ്കണഭൂവിൽ

വി. ജയകുമാർ

60 വയസിലെത്തിയ 'ബലികുടീരങ്ങളേ' എന്ന ഗാനത്തിന്റെ സ്മരണ ആ അനശ്വര വിപ്ലവ ഗാനം പിറന്ന മണ്ണായ കോട്ടയം പുതുക്കുന്നു.

ഒരു കാലഘട്ടത്തിന്റെ വിപ്ലവശബ്ദവും തലമുറകളിൽ പോരാട്ടത്തിന്റെ കൈത്തിരിനാളം പകർന്ന് ഇന്നും നിത്യ രോമാഞ്ചവുമായ ഗാനത്തിന്റെ 'ഷഷ്ടിപൂർത്തി ' പുരോഗമന കലാസാഹിത്യസംഘത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 14 ന് ഗാനരചനയ്ക്ക് സാക്ഷിയായ ബെസ്റ്റ് ഹോട്ടലിന് സമീപമുള്ള കോട്ടയം തിരുനക്കര പഴയ പൊലീസ് സ്റ്റേഷൻ മൈതാനത്ത് ആഘോഷിക്കും.

കാലമെത്ര ചെന്നാലും പുതുമ വറ്റാത്ത വിപ്ലവ വീര്യമായിരുന്ന ബലികുടീരങ്ങളേ എന്നാരംഭിക്കുന്ന ഗാനത്തിലെ വരികളിലൂടെ വയലാർ രാമവർമ കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് നല്കിയത്. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് 1957-ൽ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപം സ്ഥാപിച്ചു. ഇതിന്റെ ഉദ്ഘാടന വേളയിൽ ആഗസ്റ്റ് 14ന് ആലപിക്കാനാണ് ആദ്യത്തെ ലക്ഷണമൊത്ത വിപ്ലവഗാനമായ 'ബലികുടീരങ്ങളേ' ..എന്ന ഗാനം തയ്യാറാക്കിയത്. രാജ്യത്തിനു വേണ്ടി രക്തസാക്ഷികളായ മുഴുവൻ പേർക്കുമുള്ള സ്മാരകത്തിന്റെ ഉദ്ഘാടന വേളയിൽ ആവേശം പകരുന്ന ഗാനം തന്നെ ഒരുക്കണമെന്ന് സംഘാടകർക്ക് നിർബന്ധമായിരുന്നു. രചന വയലാറും സംഗീതം ജി. ദേവരാജനും ആകണമെന്ന് നിർദ്ദേശിച്ചത് ജോസഫ് മുണ്ടശേരിയായിരുന്നു. 1957 ജൂലായിൽ കോട്ടയം 'ബെസ്റ്റോട്ടലി'ൽ താമസിച്ച് മൂന്നുദിവസം കൊണ്ട് വയലാർ ഗാനരചന പൂർത്തിയാക്കി. വയലാറിനെ പുറത്തു വിടാതെ പിടിച്ചിരുത്തി പാട്ടെഴുതിക്കാൻ 'സർവസന്നാഹവുമായ്' ഒരു സഹായിയെയും നൽകിയിരുന്നു. പിന്നീട് ദേവരാജൻ മാഷ് വിപ്ലവ വീര്യം സിരകളിൽ നിറയ്ക്കുന്ന സംഗീതം പകർന്നു. ആദ്യം പാടിയതും ഈണമിട്ട മാഷായിരുന്നു.

പാളയം രക്തസാക്ഷി മണ്ഡപം തുറന്നുകൊടുത്തത് രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദായിരുന്നു. ഇതിന്റെ ഭാഗമായാണ് വി.ജെ.ടി ഹാളിൽ 60 ഗായകർ ചേർന്ന് 'ബലികുടീരങ്ങളേ' ആദ്യമായി ആലപിച്ചത്. ഗായകരിൽ കെ.എസ്. ജോർജ്, കെ.പി.എ.സി സുലോചന പിന്നീട് നടനായി മാറിയ ജോസ് പ്രകാശ്, അഡ്വ. ജനാർദ്ദനക്കുറുപ്പ്, ,എൽ.പി. ആർ. വർമ്മ, സി.ഒ.ആന്റോ, കവിയൂർ പൊന്നമ്മ, കൊടുങ്ങല്ലൂർ ഭഗീരഥിയമ്മ, സുധർമ,ബിയാട്രീസ്, വിജയകുമാരി, അന്റണി എലിസബത്ത് എന്നിവരുമുണ്ടായിരുന്നു.

ഗാനം രചിക്കാൻ അന്ന് മറ്റു പല രചയിതാക്കളുടെയും പേർ നിർദ്ദേശിച്ചെങ്കിലും വിപ്ലവത്തിന്റെ തീയുള്ള മനസ്സിൽ നിന്നാവണം വരികളെന്ന തീരുമാനമാണ് വയലാർരാമവർമയിൽ എത്തിയത്. ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ആദ്യ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിലെത്തിയ വർഷം കൂടിയായിരുന്നു അത്. ഈ ഗാനം പിറന്ന് ഇന്ന് ആറ് പതിറ്റാണ്ട് പിന്നിട്ടുമ്പോഴും നാമറിയാതെ സിരകളിൽ ആവേശം നിറയ്ക്കുന്ന വരികളായി ബലികുടീരങ്ങളേ എന്ന ഗാനം നിലനില്ക്കുകയാണ്. ഇങ്ങനെ പറയാൻ മറ്റൊരു വിപ്ലവ ഗാനവുമില്ല. മലയാള നാടക ചലച്ചിത്ര ഗാനരംഗത്ത് വയലാർ-ദേവരാജൻ ടീമെന്ന അനശ്വര കൂട്ടുകെട്ടിന് തുടക്കമിടാനും ഈ ഗാനത്തിന്റെ സ്വീകാര്യത നിമിത്തമായി. പിന്നീട് കെ.പി.എ.സിയുടെ നാടകവേദികളിലൂടെയും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി യോഗങ്ങളിലൂടെയും 'ബലികുടീര'ങ്ങളേ കേരളത്തിന്റെ ഹൃദയം കവർന്നു.

ബലികുടീരങ്ങളേയുടെ അറുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോട്ടയത്ത് സി.പി.എം ജില്ലാ സെക്രട്ടറി വി.എൻ. വാസവൻ ചെയർമാനും ബി. ശശികുമാർ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിച്ചു.

> **ഗാനത്തിന്റെ 'ഷഷ്ടിപൂർത്തി' പുരോഗമന കലാസാഹിത്യ സംഘത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 14 ന് ഗാനരചനയ്ക്ക് സാക്ഷിയായ ബെസ്റ്റ് ഹോട്ടലിന് സമീപമുള്ള കോട്ടയം തിരുനക്കര പഴയ പൊലീസ് സ്റ്റേഷൻ മൈതാനത്ത് ആഘോഷിക്കും**

BESTOTEL
BEST BAKERS
Restaurant & Bakery

14ന് വൈകുന്നേരം മൂന്നിന് കോട്ടയം പഴയ പൊലീസ് സ്റ്റേഷൻ മൈതാനിയിൽ ആരംഭിക്കുന്ന ഗാനസ്മരണയിൽ ഡോ. പുതുശേരി രാമചന്ദ്രൻ, ഏഴാച്ചേരി രാമചന്ദ്രൻ, കെ .സുരേഷ് കുറുപ്പ് എം.എൽ.എ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് കുമരകം അനിൽകുമാറും സംഘവും അവതരിപ്പിക്കുന്ന വയലാർ-പി ഭാസ്കരൻ -ഒ.എൻ.വി സ്മൃതി ഗാനസന്ധ്യയോടെയാണ് ബലികുടീരങ്ങളേ ...എന്ന അനശ്വര വിപ്ലവഗാനത്തിന്റെ അറുപതാം വാർഷികാഘോഷത്തിന് ജന്മനാടായ കോട്ടയം സിന്ദൂര മാല ചാർത്തുന്നത്.

ആ അനശ്വരഗാനമിതാ

ബലികുടീരങ്ങളേ! ബലികുടീരങ്ങളേ!
സ്മരണകളിരമ്പും രണസ്മാരകങ്ങളേ!
ഇവിടെ ജനകോടികൾ ചാർത്തുന്നു
നിങ്ങളിൽ
സമരപുളകങ്ങൾതൻ സിന്ദൂരമാല
കൾ...
(ബലികുടീരങ്ങളേ)
ഹിമഗിരിമുടികൾ കൊടികളുയർത്തീ
കടലുകൾ പടഹമുയർത്തി
യുഗങ്ങൾ നീന്തിനടക്കും ഗംഗയിൽ
വിരിഞ്ഞു താമരമുകുളങ്ങൾ
ഭൂപടങ്ങളിലൊരിന്ത്യ നിവർന്നു
ജീവിതങ്ങൾ തുടലൂരിയെറിഞ്ഞു
ചുണ്ടിൽ ഗാഥകൾ
കരങ്ങളിലിപ്പൂച്ചെണ്ടുകൾ
പുതിയ പൗരനുണർന്നൂ...
(ബലികുടീരങ്ങളേ)
തുടിപ്പു നിങ്ങളിൽ നൂറ്റാണ്ടുകളുടെ
ചരിത്രമെഴുതിയ ഹൃദയങ്ങൾ
കൊളുത്തി നിങ്ങൾ തലമുറ തോറും
കെടാത്ത കൈത്തിരി നാളങ്ങൾ
നിങ്ങൾ നിന്ന സമരാങ്കണഭൂവിൽ
നിന്നണഞ്ഞ കവചങ്ങളുമായി
വന്നു ഞങ്ങള് മലനാട്ടിലെ മണ്ണിൽ
നിന്നിതാ പുതിയ ചെങ്കൊടിയേന്തി
ബലികുടീരങ്ങളേ..ബലികുടീരങ്ങളേ
(ബലികുടീരങ്ങളേ)

പ്രതികരണങ്ങൾ

സമുദായത്തിന്റെ നിജസ്ഥിതി സർവേയിലൂടെ കണ്ടെത്തണം

സ്വാതന്ത്ര്യ ലബ്ധിയോടെ, തത്വത്തിൽ, ക്ഷേമ രാഷ്ട്രം നിലവിൽ വരികയും രാഷ്ട്രീയ പാർട്ടികൾ ഭരണസംവിധാനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. അതോടെ ജനങ്ങളിലെ അവശതാ നിർമാർജനവും സാമുദായിക പുരോഗതിയും രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരിന്റെയും ബാദ്ധ്യതയായി. സമുദായ സംഘടനകൾ രാഷ്ട്രീയ പാർട്ടികളോട് ചേർന്നും, അകന്നും, ഇടകലർന്നും പ്രവർത്തിക്കുവാൻ തുടങ്ങി. പക്ഷേ ഓരോ സമുദായത്തിന്റെയും വളർച്ചയും തളർച്ചയും സ്ഥിതി വിവര കണക്കുകളുടെ അഭാവത്തിൽ ശരിയായി വിലയിരുത്താൻ കഴിയാതായി.

വളരെ സങ്കീർണമായ ഒരു കാലഘട്ടത്തിലൂടെയാണ് ഇന്ന് കേരള സമൂഹം കടന്നുപോകുന്നത്. വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യകൾ, വിവാഹമോചനങ്ങൾ, മദ്യാസക്തി, കടക്കെണി, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തുടങ്ങിയവ സമൂഹത്തെയാകെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ ഈഴവസമുദായ കുടുംബങ്ങളെ എത്രമാത്രം ബാധിച്ചിരിക്കുന്നു എന്ന അറിവ് സമുദായത്തിനുണ്ടാകണം.

സ്കൂൾ-കോളേജ് വിദ്യാഭ്യാസ മേഖലകളിലെ കൊഴിഞ്ഞു പോകലിൽ ഈഴവരുടെ പങ്ക് എത്ര? ഈഴവരുടെ സ്വത്ത് നിലവാരം, തൊഴിൽ പ്രാതിനിധ്യം, കച്ചവട-വ്യാവസായിക രംഗങ്ങളിലെ സാന്നിദ്ധ്യം, വിചാരണ തടവുകാരുടെ എണ്ണം തുടങ്ങിയുള്ള കാര്യങ്ങളെക്കുറിച്ചുള്ള സമഗ്ര സ്ഥിതി വിവരങ്ങൾ ശ്രീനാരായണധർമ്മ പരിപാലനയോഗം ഒരു സർവേ വഴി കണ്ടെത്തണം. ഇന്ന് മികച്ച സംഘടനാ ശക്തിയും നേതൃത്വപാടവുമുള്ള ശ്രീനാരായണധർമ്മപരിപാലന യോഗത്തിനു എല്ലാ ഈഴവ കുടുംബങ്ങളേയും കേന്ദ്രീകരിച്ച് സമഗ്രമായ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ സ്ഥിതി വിവര കണക്കുകൾ സമ്പാദിക്കാൻ കഴിയും. 1946- ൽ ശ്രീനാരായണ ധർമ്മ പരിപാലന യോഗം ജനറൽ സെക്രട്ടറിയായിരുന്ന ആർ. ശങ്കർ ഈഴവസമുദായ കുടുംബങ്ങളെ കേന്ദ്രീകരിച്ചു ശേഖരിച്ച സ്ഥിതി വിവര കണക്കുകൾ ഒരു സമുദായിക സംഘടന സ്വന്തം സമുദായംഗങ്ങളുടെ സാമ്പത്തിക വിദ്യാഭ്യാസ സ്ഥിതി അവലോകനം ചെയ്യുന്ന ആദ്യത്തെ അനുഭവമായി.

1078 ശാഖകളും 24 യൂണിയനുകളും 2,75,000 തത്കാലികാംഗങ്ങളും, 4200 പൂർണാംഗങ്ങളും ഉള്ള ഏറ്റവും വലിയ സന്നദ്ധ സംഘടനയായി യോഗം 1946-ൽ വളർന്നു കഴിഞ്ഞിരുന്നു. 1078 ശാഖകളുള്ളതിൽ 800 ശാഖകളിലെ 1,20,000 വീടുകളെ കേന്ദ്രീകരിച്ചു നടത്തിയ സർവേ ഈഴവ സമുദായത്തിന്റെ അന്നത്തെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ വെളിപ്പെടുത്തുന്നതായിരുന്നു. 1946-ൽ അന്നത്തെ ദുർബലമായ ഭൗതിക സാഹചര്യങ്ങളെ മറികടന്ന് വേണമായിരുന്നു ആ സർവേ നടത്താൻ. പക്ഷേ ഇന്ന് സ്ഥിതി അതല്ല. കേരളത്തിനകത്തും ഇന്ത്യയിലെങ്ങും അന്യ രാജ്യങ്ങളിലും 28 ലക്ഷം അംഗബലത്തോടെ പടർന്ന് പന്തലിച്ചിരിക്കുന്ന യോഗം യൂണിയനുകൾക്കും ശാഖകൾക്കും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അത്തരമൊരു സർവേ പൂർത്തിയാക്കുവാൻ കഴിയും.

ഒരു സാമുദായിക സ്ഥിതി വിവര കണക്ക് ലോകത്തെവിടെയുമുള്ള ശ്രീനാരായണ പ്രസ്ഥാനങ്ങൾക്കും ശ്രീനാരായണ ഭക്തർക്കും വഴികാട്ടിയാകും.

- ഡോ. എൽ. വിനയകുമാർ